**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 30** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഡിസെബിലിറ്റി ലീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കെ.എസ്.&എസ്.എസ്.ആർ. റൂൾ 97-ലും 98-ലും പ്രതിപാദിക്കുന്ന ജോലിയിലിരിക്കെ സംഭവിക്കുന്ന അപകടങ്ങൾക്ക് നൽകുന്ന ഡിസെബിലിറ്റി ലീവിന്റെ നിർവചനം ജോലിക്ക് പോകുമ്പോഴും വരുമ്പോഴുമുള്ള യാത്രാമദ്ധ്യേ സംഭവിക്കുന്ന അപകടങ്ങൾക്കും ബാധകമാണെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പ്രസ്താവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വീട്ടിൽ നിന്നും ഓഫീസിലേക്കുള്ള യാത്രയ്ക്കിടയിൽ അപകടം സംഭവിച്ച ശ്രീമതി ഷൈലജ ഉണ്ണിത്താന് **കെ.എസ്.ആർ., ഭാഗം I, ചട്ടം 98 പ്രകാരം** പ്രത്യേക അവശത അവധി അനുവദിക്കാവുന്നതാണ് എന്ന് W. P. (C) No. 27593 of 2019 നമ്പർ കേസിലെ 19/11/2020 ലെ വിധിന്യായത്തിൽ ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആയതിന്റെ അടിസ്ഥാനത്തിൽ സമാന സാഹചര്യങ്ങളിൽ ചില പ്രത്യേക വിഭാഗം ജീവനക്കാർക്ക് ബാധകമായ റൂൾ 103 അനുസരിച്ചുള്ള ഹോസ്പിറ്റൽ ലീവിനും ഹൈക്കോടതി റൂൾ ബാധകമാകുമോ; ഇല്ലെങ്കിൽ ആയത് വിശദീകരിക്കാമോ; | (ബി) | പ്രത്യേക അവശത അവധി (ചട്ടം 97, 98), ആശുപത്രി അവധി (ചട്ടം 103) എന്നിവ കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യത്യസ്ത ചട്ടങ്ങൾ പ്രകാരമാണ് അനുവദിക്കുന്നത്. W. P. (C) No. 27593 of 2019 നമ്പർ കേസിലെ 19/11/2020 ലെ വിധിന്യായത്തിൽ ശ്രീമതി. ഷൈലജ ഉണ്ണിത്താന് കെ.എസ്.ആർ., ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശത അവധി അനുവദിക്കുവാനാണ് ഉത്തരവായിട്ടുള്ളത്. എന്നാൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 103 പ്രകാരം ചില പ്രത്യേക വിഭാഗം ജീവനക്കാർക്ക് അനുവദനീയമായ ആശുപത്രി അവധി ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ അപകട സാധ്യത മൂലം നേരിട്ട് സംഭവിച്ച പരിക്ക് അല്ലെങ്കിൽ രോഗം എന്നിവയുടെ ചികിൽസയ്ക്കായാണ് അനുവദിക്കുന്നത്. കൂടാതെ, പരിക്ക് അല്ലെങ്കിൽ രോഗം ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ അപകട സാധ്യത മൂലം നേരിട്ട് സംഭവിച്ചതാണ് എന്നത് സംബന്ധിച്ച് ഓഫീസ് തലവനിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ മാത്രമെ ആശുപത്രി അവധി അനുവദിക്കുകയുള്ളൂ എന്നും ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 19/11/2020ലെ ബഹു. ഹൈക്കോടതി ഉത്തരവ് |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ., ഭാഗം I, ചട്ടം 103 പ്രകാരമുള്ള ആശുപത്രി അവധിയ്ക്ക് ബാധകമാകുന്നില്ല. മേൽ വ്യക്തമാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് അനുസൃതമായാണ് 04/02/2022 ലെ സർക്കാർ കത്ത് നം. എ 4/ 154/2021/ അഭ്യന്തരം പുറപെടുവിച്ചിട്ടുള്ളത് എന്നതിനാൽ ഈ കത്ത് പിൻവലിക്കുവാനുള്ള സാഹചര്യം നിലവിലില്ല. |
| (സി) | കേരള ഹൈക്കോടതി ഉത്തരവിന്റെ അന്ത:സത്ത ഉൾക്കൊള്ളാതെ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ എ-4/154/2021 തീയതി 04.02.2022 നമ്പർ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പിൻവലിക്കുവാൻ നിർദ്ദേശം നൽകാമോ; | (സി) | പ്രത്യേക അവശത അവധി (ചട്ടം 97, 98), ആശുപത്രി അവധി (ചട്ടം 103) എന്നിവ കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യത്യസ്ത ചട്ടങ്ങൾ പ്രകാരമാണ് അനുവദിക്കുന്നത്. W. P. (C) No. 27593 of 2019 നമ്പർ കേസിലെ 19/11/2020 ലെ വിധിന്യായത്തിൽ ശ്രീമതി. ഷൈലജ ഉണ്ണിത്താന് കെ.എസ്.ആർ., ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശത അവധി അനുവദിക്കുവാനാണ് ഉത്തരവായിട്ടുള്ളത്. എന്നാൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 103 പ്രകാരം ചില പ്രത്യേക വിഭാഗം ജീവനക്കാർക്ക് അനുവദനീയമായ ആശുപത്രി അവധി ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ അപകട സാധ്യത മൂലം നേരിട്ട് സംഭവിച്ച പരിക്ക് അല്ലെങ്കിൽ രോഗം എന്നിവയുടെ ചികിൽസയ്ക്കായാണ് അനുവദിക്കുന്നത്. കൂടാതെ, പരിക്ക് അല്ലെങ്കിൽ രോഗം ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ അപകട സാധ്യത മൂലം നേരിട്ട് സംഭവിച്ചതാണ് എന്നത് സംബന്ധിച്ച് ഓഫീസ് തലവനിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ മാത്രമെ ആശുപത്രി അവധി അനുവദിക്കുകയുള്ളു എന്നും ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 19/11/2020ലെ ബഹു. ഹൈക്കോടതി ഉത്തരവ് കെ.എസ്.ആർ., ഭാഗം I, ചട്ടം 103 പ്രകാരമുള്ള ആശുപത്രി അവധിയ്ക്ക് ബാധകമാകുന്നില്ല. മേൽ വ്യക്തമാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് അനുസൃതമായാണ് 04/02/2022 ലെ സർക്കാർ കത്ത് നം. എ 4/ 154/2021/ അഭ്യന്തരം പുറപെടുവിച്ചിട്ടുള്ളത് എന്നതിനാൽ ഈ കത്ത് പിൻവലിക്കുവാനുള്ള സാഹചര്യം നിലവിലില്ല. |
| (ഡി) | കേരള ഹൈക്കോടതി ഉത്തരവിന് ആനുപാതികമായി റൂൾ 103 പ്രകാരം ജോലിക്ക് പോകുന്ന വഴി സംഭവിച്ച അപകടത്തെ തുടർന്ന് എടുത്തിട്ടുള്ള ലീവ് ഹോസ്പിറ്റൽ ലീവിന്റെ പരിധിയിൽ വരില്ല എന്ന കാരണത്താൽ പോലീസ് വകുപ്പിൽ ആയത് നിരസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | പ്രത്യേക അവശത അവധി (ചട്ടം 97, 98), ആശുപത്രി അവധി (ചട്ടം 103) എന്നിവ കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യത്യസ്ത ചട്ടങ്ങൾ പ്രകാരമാണ് അനുവദിക്കുന്നത്. W. P. (C) No. 27593 of 2019 നമ്പർ കേസിലെ 19/11/2020 ലെ വിധിന്യായത്തിൽ ശ്രീമതി. ഷൈലജ ഉണ്ണിത്താന് കെ.എസ്.ആർ., ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശത അവധി അനുവദിക്കുവാനാണ് ഉത്തരവായിട്ടുള്ളത്. എന്നാൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 103 പ്രകാരം ചില പ്രത്യേക വിഭാഗം ജീവനക്കാർക്ക് അനുവദനീയമായ |

| | | | |
|---|---|---|---|
| | | | ആശുപത്രി അവധി ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ അപകട സാധ്യത മൂലം നേരിട്ട് സംഭവിച്ച പരിക്ക് അല്ലെങ്കിൽ രോഗം എന്നിവയുടെ ചികിൽസയ്ക്കായാണ് അനുവദിക്കുന്നത്. കൂടാതെ, പരിക്ക് അല്ലെങ്കിൽ രോഗം ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ അപകട സാധ്യത മൂലം നേരിട്ട് സംഭവിച്ചതാണ് എന്നത് സംബന്ധിച്ച് ഓഫീസ് തലവനിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ മാത്രമെ ആശുപത്രി അവധി അനുവദിക്കുകയുള്ളു എന്നും ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 19/11/2020ലെ ബഹു. ഹൈക്കോടതി ഉത്തരവ് കെ.എസ്.ആർ., ഭാഗം I, ചട്ടം 103 പ്രകാരമുള്ള ആശുപത്രി അവധിയ്ക്ക് ബാധകമാകുന്നില്ല. മേൽ വ്യക്തമാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് അനുസൃതമായാണ് 04/02/2022 ലെ സർക്കാർ കത്ത് നം. എ 4/ 154/2021/ അഭ്യന്തരം പുറപെടുവിച്ചിട്ടുള്ളത് എന്നതിനാൽ ഈ കത്ത് പിൻവലിക്കുവാനുള്ള സാഹചര്യം നിലവിലില്ല. |
| (ഇ) | ഇത്തരത്തിൽ ലീവ് നിരസിച്ചതിനെതിരെ ഏതെങ്കിലും ജീവനക്കാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിലുള്ള എത്ര കേസുകൾ നിലവിലുണ്ട്; പ്രസ്തുത കേസുകളിൽ സർക്കാർ സമയബന്ധിതമായി സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഇ) | KAT എറണാകുളം മുമ്പാകെ OA (EKM) 1911/22, KAT തിരുവനന്തപുരം മുമ്പാകെ OA 902/2023 എന്നിങ്ങനെ ആകെ രണ്ട് കേസുകളിൽ സത്യവാങ്മൂലം നൽകാനുള്ള നപടികൾ സ്വീകരിച്ച് വരുന്നു എന്ന് അഡ്വക്കേറ്റ് ജനറൽ കേരള റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (എഫ്) | കെ.എസ്.&എസ്.എസ്.ആർ. റൂൾ 97, 98 എന്നിവയ്ക്ക് സമാനമായ സാഹചര്യങ്ങൾ റൂൾ 103-ലും പ്രതിപാധിക്കുന്നതിനാൽ കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റൂൾ 103 ബാധകമായ ജീവനക്കാർക്കും ഡിസെബിലിറ്റി ലീവ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ